മലയാള മനോരമ
15 February 2025



സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം പ്രാദേശിക കേന്ദ്രത്തിൽ ഹാച്ചറിയിൽ ഉൽപാദിപ്പിച്ച ഷെല്ലിൽ പിടിപ്പിച്ച ഓയ്സ്റ്റർ വിത്തുകൾ.

# ഒരു ലക്ഷത്തോളം ഓയ്സ്റ്റർ വിത്തുകൾ മഹാരാഷ്ട്രയിലേക്ക്

കൊച്ചി● സിഎംഎഫ്ആർഐ ഉൽപാദിപ്പിച്ച ഒരു ലക്ഷത്തോളം ഓയ്സ്റ്റർ (കായൽ മുരിങ്ങ) വിത്തുകൾ മഹാരാഷ്ട്രയിലേക്ക്. അവിടെ തീരദേശ ആദിവാസി കർഷകർക്ക് ഓയ്സ്റ്റർ കൃഷിക്കു വേണ്ടിയാണു ഷെല്ലുകളിൽ പിടിപ്പിച്ച വിത്തുകൾ അയച്ചത്.

മഹാരാഷ്ട്രയിലെ മാംഗ്രൂവ് ആൻഡ് മറൈൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഫൗണ്ടേഷനുമായി സഹകരിച്ചാണു പദ്ധതി. അഷ്ടമുടിക്കായലിൽ നിന്നു ശേഖരിച്ച കായൽ മുരിങ്ങ സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം പ്രാദേശിക കേന്ദ്രത്തിലെ ഹാച്ചറിയിൽ പ്രജനനം നടത്തി 50 ലക്ഷത്തോളം ലാർവ ഉൽപാദിപ്പിച്ചു. ഇവയെ വീണ്ടും 60 ദിവസത്തോളം ഹാച്ചറിയിൽ വളർത്തി ശരാശരി 8.5 മില്ലിമീറ്റർ വലുപ്പത്തിൽ ഷെല്ലുകളിൽ പറ്റിപ്പിടിക്കാൻ പാകത്തിനു വികസിപ്പിച്ചു. ഒരു ഷെല്ലിൽ രണ്ടു മുതൽ 12 വിത്തുകൾ വരെ അടങ്ങിയിട്ടുണ്ട്. ഷെല്ലുകളിൽ പിടിപ്പിച്ച വിത്തുകൾ കടൽവെള്ളത്തിൽ കുര
ത്ത ചാക്കിൽ പൊതിഞ്ഞു
കളിൽ പായ്ക് ചെയ്താണ്
അയച്ചത്.

മലിനീകരണം കുറഞ്ഞതു
ചെറുകിട കർഷകർക്കു സു
സ്ഥിര വരുമാനത്തിനു സഹ
ക്കുന്നതുമായ മികച്ച ജലകൃ
യാണ് ഇതെന്നു പദ്ധതിക്കു
നേതൃത്വം നൽകിയ സിഎം
ഫ്ആർഐ പ്രിൻസിപ്പൽ സ
ന്റിസ്റ്റ് ഡോ എം.കെ. അനി
പറഞ്ഞു.